## എസ്.എസ്.എല്.സി *:* ഹാള്‍ ടിക്കറ്റ് വിതരണം ഓണ്‍ലൈനില്‍

ഈ വര്‍ഷത്തെ എസ്.എസ്.എല്‍.സി പരീക്ഷയില്‍ റഗുലര്‍ വിഭാഗത്തില്‍ പരീക്ഷ എഴുതുന്ന ***458699*** പരീക്ഷാര്‍ത്ഥികള്‍ക്ക് ഫോട്ടോ പതിച്ച ഹാള്‍ ടിക്കറ്റ് വിതരണം ചെയ്യുന്നതിന് പരീക്ഷാഭവന്‍ സംവിധാനം ഒരുക്കിയതായി പരീക്ഷാ കമ്മീഷണര്‍ അറിയിച്ചു. ***www.keralapareekshabhavan.in, www.sslcexamkerala.gov.in*** വെബ്സൈറ്റുകളില്‍ നിന്നും സ്കൂള്‍ അധികൃതര്‍ ഹാള്‍ടിക്കറ്റ് ഡൌണ്‍ലോഡ് ചെയ്ത് വിദ്യാര്‍ത്ഥികള്‍ക്ക് നല്‍കണം*.* പ്രൈവറ്റ് വിഭാഗത്തില്‍ എഴുതുന്നവരുടെ ഹാള്‍ ടിക്കറ്റും ഓണ്‍ലൈനായി ഡൌണ്‍ലോഡ് ചെയ്ത് എടുത്ത് ഫോട്ടോ ഒട്ടിച്ച് ചീഫ് സൂപ്രണ്ട് സാക്ഷ്യപ്പെടുത്തി വിതരണം ചെയ്യണം*. 14* മുതല്‍ ***18*** വരെ വടക്കന്‍ ജില്ലകളിലെ ***(***കാസര്‍കോട്, കണ്ണൂര്‍*,* വയനാട്, കോഴിക്കോട്, മലപ്പുറം*,* പാലക്കാട്, തൃശ്ശൂര്‍***)*** സ്കൂളുകളും ***19*** മുതല്‍ ***23*** വരെ മറ്റു ജില്ലകളിലെ സ്കൂളുകളും ഹാള്‍ടിക്കറ്റ് ഡൌണ്‍ലോഡ് ചെയ്ത് വിദ്യാര്‍ത്ഥികള്‍ക്ക് വിതരണം ചെയ്യണം*.* ഈ വര്‍ഷത്തെ എസ്.എസ്.എല്‍.സി പരീക്ഷയില്‍ ***2728*** പരീക്ഷാകേന്ദ്രങ്ങളിലായി റഗുലര്‍ വിഭാഗത്തില്‍ ***458699*** വിദ്യാര്‍ത്ഥികളും പ്രൈവറ്റ് വിഭാഗത്തില്‍ ***4752*** വിദ്യാര്‍ത്ഥികളുമാണ് പരീക്ഷ എഴുതുന്നത്. ഇതില്‍ ***228561*** ആണ്‍കുട്ടികളും ***230138*** പെണ്‍കുട്ടികളുമാണുള്ളത്. ഏറ്റവും കൂടുതല്‍ വിദ്യാര്‍ത്ഥികള്‍ പരീക്ഷ എഴുതുന്നത് മലപ്പുറം ***(72556)*** ജില്ലയിലാണ്. ഏറ്റവും കുറവ് വിദ്യാര്‍ത്ഥികള്‍ പരീക്ഷ എഴുതുന്നത് വയനാട് ***(11069)*** ജില്ലയിലാണ്. ഗള്‍ഫില്‍ ***511*** വിദ്യാര്‍ത്ഥികളും ലക്ഷദ്വീപില്‍ ***1055*** വിദ്യാര്‍ത്ഥികളും പരീക്ഷ എഴുതുന്നുണ്ട്. പി.എന്‍.എക്സ്.*900/11*

.